LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ലഭ്യമാക്കി കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നതിന് നടപടി

20 [*59] ശ്രീ. തമ്പാനൂർ മനി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ലഭ്യമല്ലാത്ത സ്കൂളുകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) ഐ. ടി. പഠനവിഷയമായതോടെ വൈദ്യുതി ലഭ്യമല്ലാത്ത സ്കൂളുകളിൽ കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം വിദ്യാലയങ്ങളിൽ വൈദ്യുതി ലഭ്യമാക്കിക്കൊണ്ട് ഈ അദ്ധ്യയനവർഷം കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) വൈദ്യുതി ലഭ്യമല്ലാത്ത, താഴെപ്പറയുന്ന ആറ് ഗവൺമെന്റ് ഹൈസ്കൂളുകളാണ് നിലവിലുള്ളത്.

1. ഗവൺമെന്റ് ഹൈസ്കൂൾ, പാണ്ടി, കാസർഗോഡ്
2. ഗവൺമെന്റ് ഹൈസ്കൂൾ, കട്ടച്ചിറ, പത്തനംതിട്ട
3. ഗവൺമെന്റ് ഹൈസ്കൂൾ, കൊക്കാത്തോട്, പത്തനംതിട്ട
4. ഗവൺമെന്റ് ഹൈസ്കൂൾ, കിസുമം, പത്തനംതിട്ട
5. ഗവൺമെന്റ് ഹൈസ്കൂൾ, ചെണ്ടുവര, ഇടുക്കി
6. ഗവൺമെന്റ് ട്രൈബൽ ഹൈസ്കൂൾ, കണ്ണംപടി, ഇടുക്കി.

(ബി) ഉണ്ട്.

(സി) പ്രസ്തുത സ്കൂളുകളിൽ ജനറേറ്ററുകളുടെ സഹായത്തോടെ കുട്ടികളുടെ കമ്പ്യൂട്ടർ പഠനവും, പ്രായോഗിക പരീക്ഷയും വിജയകരമായി നടത്തിവരികയാണ്.

സംസ്ഥാന ഗതാഗത പദ്ധതി

21 [*60] ശ്രീ. വി. കെ. സി. മമ്മത്കോയ:
" രാജു എബ്രഹാം:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഒന്നാംഘട്ടം പൂർത്തിയാക്കുമ്പോൾ സംസ്ഥാന ഖജനാവിന് ഉണ്ടാകുന്ന അധിക ബാദ്ധ്യത എത്രയായിരിക്കും എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;